| 10-07-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- ഇപ്പോൾ സതോപ്രധാനമായി മാറി വീട്ടിലേയ്ക്ക് പോകണം അതിനാൽ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി നിരന്തരം ബാബയെ ഓർമ്മിക്കുന്നതിനുള്ള അഭ്യാസം ചെയ്യൂ, സദാ ഉന്നതിയെക്കുറിച്ച് ചിന്തിക്കൂ.**

**ചോദ്യം:-** പഠിപ്പിൽ ദിനംപ്രതിദിനം മുന്നിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണോ അതോ പിന്നിലേയ്ക്കാണോ പോകുന്നത് എന്നതിന്റെ അടയാളം എന്താണ്?
**ഉത്തരം:-** അഥവാ പഠിപ്പിൽ മുന്നിലേയ്ക്ക് പോവുകയാണെങ്കിൽ ഭാരരഹിതമായ അനുഭവമുണ്ടാകും. ബുദ്ധിയിലുണ്ടാകും ഈ ശരീരം മോശമായതാണ്, ഇതിനെ ഉപേക്ഷിക്കണം, നമുക്ക് ഇപ്പോൾ വീട്ടിലേയ്ക്ക് പോകണം. ദൈവീക ഗുണങ്ങൾ ധാരണ ചെയ്തുകൊണ്ടിരിക്കും. അഥവാ പുറകോട്ടാണ് പോകുന്നതെങ്കിൽ പെരുമാറ്റത്തിൽ ആസുരീയ അവഗുണങ്ങൾ കാണപ്പെടും. നടക്കുമ്പോഴും കറങ്ങുമ്പോഴും ബാബയുടെ ഓർമ്മയുണ്ടാകില്ല. അവർക്ക് പുഷ്പമായി മാറി എല്ലാവർക്കും സുഖം നൽകാൻ സാധിക്കില്ല. ഇങ്ങനെയുള്ള കുട്ടികൾക്ക് മുന്നോട്ട് പോകവേ സാക്ഷാത്ക്കാരങ്ങൾ ലഭിക്കും പിന്നീട് വളരെ അധികം ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും.

**ഓം ശാന്തി**. നമ്മൾ വരുമ്പോൾ സതോപ്രധാനമായിരുന്നു എന്ന ചിന്ത ബുദ്ധിയിൽ ഉണ്ടാവണം. ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ് ഇവിടെ എല്ലാവരും ഇരിക്കുന്നുണ്ട്, ചിലർ ദേഹാഭിമാനത്തിലാണ് ചിലർ ദേഹീ അഭിമാനിയാണ്. ചിലർ സെക്കന്റിൽ ദേഹാഭിമാനിയും സെക്കന്റിൽ ദേഹീ അഭിമാനിയുമായി മാറുന്നു. ഞാൻ മുഴുവൻ സമയവും ദേഹീ അഭിമാനിയായാണ് ഇരിക്കുന്നത് എന്ന് ആർക്കും പറയാൻ സാധിക്കില്ല. ബാബ മനസ്സിലാക്കിത്തരികയാണ് ഇടക്ക് ദേഹീ അഭിമാനിയായിരിക്കും ഇടക്ക് ദേഹാഭിമാനത്തിലായിരിക്കും. ഇപ്പോൾ കുട്ടികൾക്ക് ഈ കാര്യം അറിയാം അതായത് നമ്മൾ ആത്മാക്കൾ ഈ ശരീരം ഉപേക്ഷിച്ച് നമ്മുടെ വീട്ടിലേയ്ക്ക് പോകും. വളരെ സന്തോഷത്തോടെ പോകണം. മുഴുവൻ ദിവസവും ചിന്തിക്കുന്നത് ഇതാണ്- ബാബ വഴി പറഞ്ഞുതന്നിട്ടുണ്ടല്ലോ ഇനി എന്തുകൊണ്ട് നമ്മുക്ക് ശാന്തിധാമത്തിലേയ്ക്ക് പൊയ്ക്കൂടാ. മറ്റാരും ഈ ചിന്തയോടെ ഇരിക്കുന്നുണ്ടാകില്ല. ഈ പഠിപ്പ് ആർക്കും ലഭിക്കുന്നില്ല. ചിന്തയും ഉണ്ടാകില്ല. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഇത് ദുഃഖധാമമാണ്. ഇപ്പോൾ ബാബ സുഖധാമത്തിലേയ്ക്ക് പോകുന്നതിനുള്ള വഴി പറഞ്ഞുതന്നു. എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രത്തോളം സമ്പൂർണ്ണമായി മാറി യോഗ്യരായി ശാന്തിധാമത്തിലേയ്ക്ക് പോകും, അതിനെയാണ് മുക്തി എന്നു പറയുന്നത്, ഇതിനാണ് മനുഷ്യർ ഗുരുവിനെ ശരണം പ്രാപിക്കുന്നത്. എന്നാൽ മനുഷ്യർക്ക് മുക്തിയും ജീവന്മുക്തിയും എന്താണ് എന്ന് തന്നെ അറിയില്ല എന്തുകൊണ്ടെന്നാൽ ഇത് പുതിയ കാര്യമാണ്. ഇപ്പോൾ നമ്മുക്ക് വീട്ടിലേയ്ക്ക് പോകണം എന്നത് നിങ്ങൾ കുട്ടികൾ മാത്രമേ മനസ്സിലാക്കുന്നുള്ളു. ബാബ പറയുന്നു ഓർമ്മയുടെ യാത്രയിലൂടെ പവിത്രമായി മാറൂ. നിങ്ങൾ ആദ്യമാദ്യം ശ്രേഷ്ഠാചാരീ ലോകത്തിലേയ്ക്ക് വരുമ്പോൾ സതോപ്രധാനമായിരുന്നു. ആത്മാവ് സതോപ്രധാനമായിരുന്നു. ആരുമായും ബന്ധം ഉണ്ടാകുന്നതുപോലും പിന്നീടാണ്. എപ്പോഴാണോ ഗർഭത്തിലേയ്ക്ക് പ്രവേശിക്കുന്നത് അപ്പോഴാണ് സംബന്ധങ്ങളിലേയ്ക്ക് വരുന്നത്. നിങ്ങൾക്ക് അറിയാം ഇപ്പോൾ ഇത് നമ്മുടെ അന്തിമ ജന്മമാണ്. നമുക്ക് വീട്ടിലേയ്ക്ക് തിരിച്ച് പോകണം. പവിത്രമായി മാറാതെ നമ്മുക്ക് പോകാൻ സാധിക്കില്ല. ഇങ്ങനെ ഇങ്ങനെ ഉള്ളിന്റെയുള്ളിൽ സംസാരിച്ചുകൊണ്ടിരിക്കണം എന്തുകൊണ്ടെന്നാൽ ബാബയുടെ ആജ്ഞയാണ് ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും, നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും നമ്മൾ വരുമ്പോൾ സതോപ്രധാനമായാണ് വന്നത്, ഇപ്പോൾ സതോപ്രധാനമായി മാറി വീട്ടിലേയ്ക്ക് തിരിച്ചുപോകണം എന്ന ചിന്ത സദാ ഉണ്ടായിരിക്കണം. ബാബയുടെ ഓർമ്മയിലൂടെയാണ് സതോപ്രധാനമായി മാറേണ്ടത് എന്തുകൊണ്ടെന്നാൽ ബാബതന്നെയാണ് പതിത പാവനൻ. നിങ്ങൾക്ക് ഇന്ന രീതിയിൽ പാവനമായി മാറാൻ കഴിയും എന്ന് നമ്മൾ കുട്ടികൾക്ക് യുക്തികൾ പറഞ്ഞുതരുന്നു. മുഴുവൻ സൃഷ്ടിയുടേയും ആദി മദ്ധ്യ അന്ത്യത്തെ അറിയുന്നത് ബാബ മാത്രമാണ് മറ്റാർക്കും അതിനുള്ള അധികാരമില്ല. ബാബ തന്നെയാണ് മനുഷ്യ സൃഷ്ടിയുടെ ബീജരൂപൻ. ഭക്തി ഏതുവരെ നടക്കും, എന്നതും ബാബയാണ് വന്ന് പറഞ്ഞുതരുന്നത്. ഇത്ര സമയം ജ്ഞാനമാർഗ്ഗം, ഇത്ര സമയം ഭക്തി മാർഗ്ഗം. ഈ മുഴുവൻ ജ്ഞാനവും ഉള്ളിൽ പതിയണം. എങ്ങനെയാണോ ബാബയുടെ ആത്മാവിൽ ജ്ഞാനമുള്ളത് അതുപോലെ നിങ്ങളുടെ ആത്മാവിലും ജ്ഞാനമുണ്ട്. ശരീരത്തിലൂടെ കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യുന്നു. ശരീരമില്ലാതെ ആത്മാവിന് സംസാരിക്കാൻ കഴിയില്ല, ഇതിൽ പ്രേരണയുടേയോ ആകാശവാണിയുടേയോ കാര്യമില്ല. ഭഗവാനുവാചാ എന്നു പറയുമ്പോൾ തീർച്ചയായും മുഖം ആവശ്യമാണ്, രഥം ആവശ്യമാണ്. കഴുതയുടേയോ കുതിരയുടേയോ രഥമല്ല അവശ്യം. നിങ്ങളും ആദ്യം കരുതിയിരുന്നത് കലിയുഗം ഇനിയും

40,000 വർഷം ബാക്കിയുണ്ട് എന്നാണ്. അജ്ഞാന നിദ്രയിൽ ഉറങ്ങിക്കിടക്കുകയായിരുന്നു, ഇപ്പോൾ ബാബയാണ് ഉണർത്തിയത്, നിങ്ങളും അജ്ഞാനത്തിലായിരുന്നു. ഇപ്പോഴാണ് ജ്ഞാനം ലഭിച്ചത്. ഭക്തിയെയാണ് അജ്ഞാനം എന്ന് പറയുന്നത്.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഈ ചിന്തയുണ്ടാകണം അതായത് നമ്മുക്ക് നമ്മുടെ ഉന്നതി എങ്ങനെ ചെയ്യാം, ഉയർന്ന പദവി എങ്ങനെ നേടാം? തന്റെ വീട്ടിലേയ്ക്ക് പോയിട്ട് പിന്നീട് രാജധാനിയിൽ വന്ന് ഉയർന്ന ഭാഗ്യം നേടും. അതിനാണ് ഓർമ്മയുടെ യാത്ര. തീർച്ചയായും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കണം. നമ്മൾ സർവ്വാത്മാക്കളുടേയും പിതാവ് പരമാത്മാവാണ്. ഇത് വളരെ സഹജമാണ്. എന്നാൽ മനുഷ്യർ ഈ കാര്യം പോലും മനസ്സിലാക്കുന്നില്ല. നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും ഇത് രാവണ രാജ്യമാണ്, അതിനാലാണ് നിങ്ങളുടെ ബുദ്ധി ഭ്രഷ്ടാചാരിയായി മാറിയത്. മനുഷ്യർ കരുതുന്നു ആരാണോ വികാരത്തിലേയ്ക്ക് പോകാത്തത് അവരാണ് പാവനം. സന്യാസിമാരെപ്പോലെ. ബാബ പറയുന്നു അവർ അല്പകാലത്തിലേയ്ക്കാണ് പാവനമായി മാറുന്നത്. ലോകം വീണ്ടും പതിതം തന്നെയല്ലേ. പാവനമായ ലോകം സത്യയുഗം മാത്രമാണ്. പതിതലോകത്തിൽ സത്യയുഗത്തിലേതുപോലെ പാവനമായവർ ഉണ്ടാകുക സാധ്യമല്ല. അവിടെ രാവണരാജ്യമില്ല, വികാരത്തിന്റെ കാര്യമില്ല. അതിനാൽ ചുറ്റിക്കറങ്ങുമ്പോഴും നടക്കുമ്പോഴും യാത്രചെയ്യുമ്പോഴുമെല്ലാം ബുദ്ധിയിൽ ഈ ചിന്തനം നടക്കണം. ബാബയിൽ ഈ ജ്ഞാനമുണ്ടല്ലോ. ജ്ഞാനസാഗരമായതിനാൽ തീർച്ചയായും ജ്ഞാനം നിറഞ്ഞിരിക്കും. നിങ്ങളും ജ്ഞാനസാഗരത്തിൽ നിന്നും പുറപ്പെടുന്ന ജ്ഞാനനദികളാണ്. ബാബ സദാ സാഗരമാണ് എന്നാൽ നിങ്ങൾ സദാ സാഗരമല്ല. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ എല്ലാവരും സഹോദരങ്ങളാണ്. നിങ്ങൾ കുട്ടികൾ പഠിക്കുകയാണ്, വാസ്തവത്തിൽ നദിയുടെ കാര്യമൊന്നുമില്ല. നദി എന്നു പറയുമ്പോൾ ഗംഗ യമുന എന്നെല്ലാം പറയുന്നു. നിങ്ങൾ ഇപ്പോൾ പരിധിയില്ലാത്തിടത്താണ് നിൽക്കുന്നത്. നമ്മൾ എല്ലാ ആത്മാക്കളും ഒരേ ഒരു ബാബയുടെ കുട്ടികളാണ് സഹോദരങ്ങളാണ്. ഇപ്പോൾ നമ്മുക്ക് വീട്ടിലേയ്ക്ക് തിരിച്ച് പോകണം. അവിടെ നിന്നും വന്നാണ് ശരീരമാകുന്ന സിംഹാസനത്തിൽ ഇരിക്കുന്നത്. വളരെ ചെറിയ ആത്മാവാണ്, സാക്ഷാത്ക്കാരം ഉണ്ടാകുന്നതിലൂടെ മനസ്സിലാക്കാൻ സാധിക്കില്ല. ആത്മാവ് പോകുമ്പോൾ ചിലപ്പോൾ പറയും നെറ്റിയിൽ നിന്നാണ് ഇറങ്ങിപ്പോയത്, ചിലപ്പോൾ പറയും കണ്ണുകളിലൂടെയാണ്, ചിലപ്പോൾ വായിലൂടെ... വായ തുറക്കും. ആത്മാവ് ശരീരം ഉപേക്ഷിക്കുമ്പോൾ ശരീരം ജഡമാകുന്നു. ഇതാണ് ജ്ഞാനം. വിദ്യാർത്ഥികളുടെ ബുദ്ധിയിൽ സദാ പഠിക്കുന്ന കാര്യങ്ങൾ ഓർമ്മയിലുണ്ടാകും. മുഴുവൻ ദിവസവും നിങ്ങൾക്കും പഠിപ്പിന്റെ ചിന്ത ഉണ്ടായിരിക്കണം. നല്ല നല്ല വിദ്യാർത്ഥികളുടെ കൈയ്യിൽ എപ്പോഴും എന്തെങ്കിലും പുസ്തകം ഉണ്ടായിരിക്കും. പഠിച്ചുകൊണ്ടേയിരിക്കും.

ബാബ പറയുന്നു ഇത് നിങ്ങളുടെ അന്തിമ ജന്മമാണ്, മുഴുവൻ ചക്രവും കറങ്ങി അവസാന ഘട്ടത്തിൽ എത്തി അതിനാൽ ബുദ്ധിയിൽ സദാ ഈ ഓർമ്മയുണ്ടായിരിക്കണം. ധാരണ ചെയ്ത് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. ചിലർക്കാണെങ്കിൽ ധാരണയുണ്ടാകുന്നേയില്ല. സ്ക്കൂളിലും വിദ്യാർത്ഥികൾ നമ്പർവൈസ് ആയിരിക്കും. വളരെയധികം വിഷയങ്ങളും ഉണ്ടാകും. ഇവിടെയാണെങ്കിൽ ഒരു വിഷയമേയുള്ളു. ദേവതയായി മാറണം, പഠിപ്പിന്റെ ഈ ചിന്തതന്നെ നടന്നുകൊണ്ടിരിക്കണം. പഠിപ്പ് മറക്കുക എന്നിട്ട് മറ്റ് പലകാര്യങ്ങളും ചിന്തിക്കുക, ഇങ്ങനെയാകരുത്. കച്ചവടം ചെയ്യുന്നവരായിരിക്കും, തന്റെ കച്ചവടത്തിന്റെ ചിന്തയിൽത്തന്നെ മുഴുകിയിരിക്കും. വിദ്യാർത്ഥികൾ പഠിപ്പിൽത്തന്നെ മുഴുകിയിരിക്കും. നിങ്ങൾ കുട്ടികളും തന്റെ പഠിപ്പിൽ മുഴുകിയിരിക്കണം.

ഇന്നലെ ഇന്റെർനാഷണൽ യോഗാ കോൺഫറൻസിന്റെ ക്ഷണക്കത്ത് വന്നിരുന്നു. നിങ്ങൾ അവർക്ക് എഴുതണം നിങ്ങളുടേത് ഹഠയോഗമാണ്. ഇതിന്റെ ലക്ഷ്യം എന്താണ്? ഇതിലൂടെ എന്ത് ഗുണമാണ് ഉള്ളത്? ഞങ്ങളാണെങ്കിൽ രാജയോഗമാണ് പഠിക്കുന്നത്. ജ്ഞാനസാഗരനായ പരമപിതാ പരമാത്മാവ്, രചയിതാവ് ഞങ്ങൾക്ക് തന്റേയും രചനയുടേയും ജ്ഞാനം കേൾപ്പിക്കുകയാണ്. ഇപ്പോൾ നമുക്ക് വീട്ടിലേയ്ക്ക് തിരിച്ചുപോകണം. മന്മനാഭവ ഇതാണ് ഞങ്ങളുടെ മന്ത്രം. ഞങ്ങൾ ബാബയേയും ബാബയിലൂടെ ലഭിക്കുന്ന സമ്പത്തിനേയും ഓർമ്മിക്കുന്നു. നിങ്ങൾ ഈ ഹഠയോഗങ്ങൾ ചെയ്തുവന്നു, ഇതിന്റെ ലക്ഷ്യം എന്താണ്? ഞങ്ങൾ പറയുന്നു ഞങ്ങൾ ഇതാണ് പഠിക്കുന്നത്. നിങ്ങളുടെ ഈ ഹഠയോഗത്തിലൂടെ എന്താണ് ലഭിക്കുന്നത്? ഇങ്ങനെ പ്രതികരണം വളരെ ചുരുക്കി എഴുതണം. ഇങ്ങനെയുള്ള ക്ഷണങ്ങൾ നിങ്ങൾക്ക് ഒരുപാട് ലഭിക്കും. ഓൾ ഇന്ത്യ റിലീജിയസ് കോൺഫറൻസിൽ നിന്നും നിങ്ങൾക്ക് ക്ഷണം ലഭിച്ചു അവർ നിങ്ങളോട് ചോദിച്ചു– നിങ്ങളുടെ പ്രധാന ലക്ഷ്യം എന്താണ്? അപ്പോൾ പറയൂ ഞങ്ങൾ ഇതാണ് പഠിക്കുന്നത്. നിങ്ങളുടെ കാര്യം തീർച്ചയായും പറയണം എന്തുകൊണ്ട്? നിങ്ങൾ ഈ രാജയോഗം പഠിക്കുകയാണ്. പറയൂ ഞങ്ങൾ ഇത് പഠിക്കുകയാണ്. ഞങ്ങളെ പഠിപ്പിക്കുന്നത് ഭഗവാനാണ്, നമ്മൾ എല്ലാവരും

സഹോദരങ്ങളാണ്. ഞങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നു. പരിധിയില്ലാത്ത ബാബ പറയുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ മാത്രം ഓർമ്മിക്കു എങ്കിൽ നിങ്ങളുടെ പാപം മുറിയും. ഇങ്ങനെയുള്ള നല്ല നല്ല കത്തുകൾ വളരെ നന്നായി അച്ചടിച്ച് വെയ്ക്കു. പിന്നീട് എവിടെയെല്ലാം കോൺഫറൻസുകൾ നടക്കുന്നുവോ അവിടേയ്ക്കെല്ലാം അയയ്ക്കു. പറയും ഇവർ വളരെ നല്ല മര്യാദയുള്ള കാര്യങ്ങളാണ് പഠിക്കുന്നത്. ഈ രാജയോഗത്തിലൂടെ രാജാക്കന്മാരുടേയും രാജാവായി വിശ്വത്തിന്റെ അധികാരിയായി മാറുന്നു. ഓരോ 5000 വർഷങ്ങൾക്കും ശേഷം നമ്മൾ ദേവതയാകുന്നു പിന്നീട് മനുഷ്യനായി മാറുന്നു. ഇങ്ങനെ വിചാര സാഗര മഥനം ചെയ്ത് ഒന്നാന്തരം കത്തുകൾ എഴുതണം. നിങ്ങളോട് ഉദ്ദേശം ചോദിക്കാൻ സാധ്യതയുണ്ട്. അതിനാൽ നമ്മുടെ ഉദ്ദശ്യ-ലക്ഷ്യം ഇവയാണ് എന്ന് അച്ചടിച്ചുവെയ്ക്കു. ഇങ്ങനെ എഴുതുന്നതിലൂടെ ആകർഷണം ഉണ്ടാകും. ഇതിൽ ഹഠയോഗം ചെയ്യുന്നതിന്റേയോ ശാസ്ത്രങ്ങൾ വിസ്തരിക്കുന്നതിന്റേയോ ഒരു കാര്യവുമില്ല. അവർക്ക് ശാസ്ത്രങ്ങൾ പഠിച്ചതിന്റെ എത്ര അഹങ്കാരമാണ്. അവർ ഞങ്ങളാണ് ശാസ്ത്രത്തിന്റെ അധികാരികൾ എന്ന് കരുതുന്നു. വാസ്തവത്തിൽ അവർ പൂജാരികളാണ്, അധികാരിയെന്ന് പറയുന്നത് പൂജ്യനെയാണ്. പൂജാരിയെ എന്താണ് പറയുക? അതിനാൽ ഇത് വ്യക്തമായി എഴുതണം- നമ്മൾ എന്താണ് പഠിക്കുന്നത്. ബി.കെ എന്ന പേര് വളരെ പ്രശസ്തമാണ്.

യോഗം രണ്ട് പ്രകാരത്തിലുണ്ട്- ഒന്ന് ഹഠയോഗം, രണ്ടാമത് സഹജയോഗം. ഇത് ഒരു മനുഷ്യനും പഠിപ്പിക്കാൻ സാധിക്കില്ല. രാജയോഗം പഠിപ്പിക്കുന്നത് ഒരേ ഒരു പരമാത്മാവാണ്. പിന്നീട് മനുഷ്യ മതത്തിലുള്ള അനേകം പ്രകാരത്തിലുള്ള യോഗങ്ങളുണ്ട്. അവിടെ ദേവതകൾക്ക് ആരുടേയും നിർദേശത്തിന്റെ ആവശ്യമില്ല എന്തുകൊണ്ടെന്നാൽ സമ്പത്ത് നേടിയിട്ടുണ്ട്. അവർ ദേവതകളാണ് അർത്ഥം ദൈവീക ഗുണങ്ങൾ നിറഞ്ഞവർ, ആരിലാണോ ഇങ്ങനെയുള്ള ഗുണങ്ങൾ ഇല്ലാത്തത് അവരെയാണ് അസുരൻ എന്നു പറയുന്നത്. ദേവതകളുടെ രാജ്യം ഉണ്ടായിരുന്നു പിന്നീട് അത് എവിടെപ്പോയി? 84 ജന്മങ്ങൾ എങ്ങനെ എടുത്തു? ഏണിപ്പടി ഉപയോഗിച്ച് മനസ്സിലാക്കിക്കൊടുക്കണം. ഏണിപ്പടി വളരെ നല്ലതാണ്. എന്താണോ നിങ്ങളുടെ ഹൃദയത്തിലുള്ളത് അതാണ് ഈ ഏണിപ്പടികളിലുള്ളത്. എല്ലാത്തിന്റേയും ആധാരം പഠിപ്പാണ്. പഠിപ്പാണ് വരുമാന മാർഗ്ഗം. ഇതാണ് സർവ്വശ്രേഷ്ഠമായ പഠിപ്പ്. ഏറ്റവും നല്ലത്. ഏറ്റവും നല്ല പഠിപ്പ് ഏതാണ് എന്നത് ലോകത്തിലുള്ളവർക്ക് അറിയില്ല. ഈ പഠിപ്പിലൂടെ മനുഷ്യനിൽ നിന്നും ഡബിൾ കിരീടധാരി ദേവതയായി മാറുന്നു. ഇപ്പോൾ നിങ്ങൾ ഡബിൾ കിരീടധാരിയായി മാറുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. പഠിപ്പ് ഒന്നുതന്നെയാണ് പിന്നീട് പലരും പല പദവികളിലെത്തുന്നു! അത്ഭുതമാണ്, ഒരേ ഒരു പഠിപ്പിലൂടെ രാജധാനി സ്ഥാപിതമാകുന്നു, രാജാവും ഉണ്ടാകുന്നു ദരിദ്രനും ഉണ്ടാകുന്നു. ബാക്കി അവിടെ ദുഃഖത്തിന്റെ കാര്യമില്ല. ഭാഗ്യമുണ്ടല്ലോ. ഇവിടെ അനേകപ്രകാരത്തിലുള്ള ദുഃഖങ്ങളുണ്ട്. ദാരിദ്ര്യം, അസുഖങ്ങൾ, ധാന്യങ്ങൾ ലഭിക്കുന്നു, വെള്ളപ്പൊക്കം ഉണ്ടാകുന്നു. ലക്ഷപതിയാകട്ടെ അല്ലെങ്കിൽ കോടിപതിയാകട്ടെ പക്ഷേ ജന്മമെടുക്കുന്നത് വികാരത്തിലൂടെയല്ലേ. വളരെ ക്ഷീണിക്കുക, കൊതുക് കടിക്കുക, ഇതെല്ലാം ദുഃഖം തന്നെയല്ലേ. അതിഘോര നരകം എന്നതാണ് പേര്. എന്നിട്ടും പറയുന്നു ഇന്നയാൾ സ്വർഗ്ഗം പൂകി. പക്ഷേ സ്വർഗ്ഗം വരുന്നതേയുള്ളു പിന്നെങ്ങിനെ സ്വർഗ്ഗത്തിലേയ്ക്ക് പോകും. ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുക എന്നത് വളരെ സഹജമാണ്. ഇപ്പോൾ ബാബ ഇങ്ങനെയുള്ള പദ്ധതി നൽകിയിട്ടുണ്ട്, അത് എഴുതുക എന്നത് കുട്ടികളുടെ ജോലിയാണ്. ധാരണയുണ്ടായാൽ തീർച്ചയായും എഴുതുകയും ചെയ്യും. മുഖ്യമായ കാര്യം കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കു, ഇപ്പോൾ തിരിച്ച് പോകണം. നമ്മൾ സതോപ്രധാനമായിരുന്നപ്പോൾ സന്തോഷത്തിന് അളവുണ്ടായിരുന്നില്ല. ഇപ്പോൾ തമോപ്രധാനമായിരിക്കുന്നു. എത്ര സഹജമാണ്. അനേകം പോയന്റുകൾ ബാബ കേൾപ്പിച്ചുകൊണ്ടിരിക്കുന്നു അതിനാൽ ഇരുന്ന് വളരെ നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കണം. അഥവാ അംഗീകരിക്കുന്നില്ലെങ്കിൽ അവർ നമ്മുടെ കുലത്തിലേതല്ല എന്നത് മനസ്സിലാക്കാം. പഠിപ്പിൽ ദിനംപ്രതിദിനം മുന്നോട്ട് പോകണം. പിന്നോട്ട് പോകരുത്. ദൈവീക ഗുണങ്ങൾക്ക് പകരം ആസുരീയ അവഗുണങ്ങൾ ധാരണ ചെയ്യുക ഇത് പിന്നിലേയ്ക്ക് പോകലല്ലേ. ബാബ പറയുന്നു വികാരങ്ങളെ ഉപേക്ഷിച്ചുകൊണ്ടിരിക്കു, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യൂ. വളരെ ഭാരരഹിതമായിരിക്കും. ഈ ശരീരം മോശമായതാണ്, ഇതിനെ ഉപേക്ഷിക്കണം. നമ്മുക്ക് ഇപ്പോൾ വീട്ടിലേയ്ക്ക് പോകണം. ബാബയെ ഓർമ്മിച്ചില്ലെങ്കിൽ പുഷ്പമായി മാറില്ല. വളരെ അധികം ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. മുന്നോട്ട് പോകവേ നിങ്ങൾക്ക് സാക്ഷാത്ക്കാരങ്ങൾ ലഭിക്കും. ചോദിക്കും, നിങ്ങൾ എന്ത് സേവനമാണ് ചെയ്തത്? നിങ്ങൾ ഒരിയ്ക്കലും കോടതി കണ്ടിട്ടുണ്ടാകില്ല. ബാബ എല്ലാം കണ്ടിട്ടുണ്ട്, എങ്ങനെയാണ് അവർ കള്ളന്മാരെ പിടിക്കുന്നത്, പിന്നീട് കേസ് നടക്കും അതിനാൽ അവിടെയും നിങ്ങൾക്ക് എല്ലാം സാക്ഷാത്ക്കാരത്തിലൂടെ കാണിച്ചുതരും. ശിക്ഷകൾ അനുഭവിച്ച് പിന്നീട് കാലണയുടെ പദവി നേടും. ടീച്ചർക്ക് ദയ തോന്നുമല്ലോ. ഇവർ തോറ്റുപോകുമോ. ബാബയെ ഓർമ്മിക്കുക എന്ന വിഷയം

വളരെ നല്ലതാണ്, ഇതിലൂടെ പാപം ഇല്ലാതാകും. ബാബ നമ്മെ പഠിപ്പിക്കുകയാണ്. ഇതുതന്നെ സ്മരിച്ച് ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കണം. വിദ്യാർത്ഥികൾ ടീച്ചറെ ഓർമ്മിക്കും മാത്രമല്ല ബുദ്ധിയിൽ പഠിപ്പും ഉണ്ടാകും. ടീച്ചറെ തീർച്ചയായും ഓർമ്മയുണ്ടാകുമല്ലോ. ഇത് ബുദ്ധിയിൽ ഉണ്ടാകണം- നമ്മൾ എല്ലാ സഹോദരങ്ങൾക്കും ഒരു ടീച്ചറേയുള്ളു, ബാബ സുപ്രീം ടീച്ചറാണ്. മുന്നോട്ട് പോകവേ അനേകം പേർക്ക് മനസ്സിലാകും- അല്ലയോ പ്രഭോ അങ്ങയുടെ ലീല... മഹിമ പാടി മരിക്കും പക്ഷേ ഒന്നും നേടാൻ സാധിക്കില്ല. ദേഹാഭിമാനത്തിൽ വരുന്നതിനാലാണ് തലതിരിഞ്ഞ കർമ്മങ്ങൾ ചെയ്യുന്നത്. ദേഹീ അഭിമാനിയായി മാറിയാൽ നല്ല കർമ്മങ്ങൾ ചെയ്യാൻ തുടങ്ങും. ബാബ പറയുന്നു ഇപ്പോൾ നിങ്ങളുടെ വാനപ്രസ്ഥ അവസ്ഥയാണ്. തിരിച്ച് പോവുകതന്നെ വേണം. കണക്കുവഴക്കുകൾ ഇല്ലാതാക്കി എല്ലാവർക്കും പോകണം. ആഗ്രഹിച്ചാലും ഇല്ലെങ്കിലും തീർച്ചയായും പോകണം. ലോകം മുഴുവൻ കാലിയാകുന്ന ഒരു ദിവസവും വരും. പിന്നീട് ഭാരതം മാത്രമാകും. അരകല്പത്തിലേയ്ക്ക് ഭാരതം മാത്രമേ ഉണ്ടാകൂ അപ്പോൾ ലോകം എത്രത്തോളം കാലിയാകും. നിങ്ങളുടെയല്ലാതെ മറ്റാരുടേയും ബുദ്ധിയിൽ ഇങ്ങനെയുള്ള ചിന്തകൾ ഉണ്ടാവില്ല. പിന്നീട് നിങ്ങൾക്ക് ഒരു ശത്രുവും ഉണ്ടാകില്ല. ശത്രുക്കൾ എന്തിനാണ് വന്നത്? ധനത്തിനുവേണ്ടി. ഭാരതത്തിലേയ്ക്ക് ഇത്രയും മുസ്ലീങ്ങളും ഇംഗ്ലീഷുകാരും വന്നത് എന്തിനാണ്? പണം കണ്ടു. ധനം വളരെ അധികം ഉണ്ടായിരുന്നു, ഇപ്പോൾ ഇല്ല അതിനാൽ ഇപ്പോൾ മറ്റാരുമില്ല. ധനമെല്ലാം എടുത്ത് കാലിയാക്കി. മനുഷ്യർക്ക് ഇത് അറിയില്ല. ബാബ പറയുന്നു ധനം നിങ്ങൾ സ്വയം കാലിയാക്കിയതാണ്, ഡ്രാമയിലെ പദ്ധതി അനുസരിച്ച്. നിങ്ങൾക്ക് നിശ്ചയമുണ്ട് നമ്മൾ പരിധിയില്ലാത്ത ബാബയുടെ അടുത്തേയ്ക്ക് വന്നിരിക്കുകയാണ്. ഇത് ഈശ്വരീയ പരിവാരമാണ് എന്ന കാര്യം ഒരിയ്ക്കലും മറ്റാരുടേയും ചിന്തയിൽപോലും വരില്ല. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര-മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും ബുദ്ധിയിൽ പഠിപ്പിന്റെ ചിന്തയുണ്ടാകണം. ഏതൊരു കാര്യം ചെയ്യുമ്പോഴും ബുദ്ധിയിൽ സദാ ജ്ഞാനം ഊറിക്കൊണ്ടിരിക്കണം. ഇത് ഏറ്റവും നല്ല പഠിപ്പാണ്, ഇത് പഠിച്ച് ഡബിൾ കിരീടധാരിയായി മാറണം.

2) നമ്മൾ ആത്മാക്കൾ സഹോദരങ്ങളാണ് എന്ന അഭ്യാസം ചെയ്യണം. ദേഹാഭിമാനത്തിൽ വരുന്നതിനാലാണ് തലതിരിഞ്ഞ കർമ്മങ്ങൾ ഉണ്ടാകുന്നത് അതിനാൽ എത്ര സാധിക്കുമോ ദേഹീ അഭിമാനിയായി കഴിണം.

## വരദാനം - സത്യതയുടെ ശക്തിയിലൂടെ സദാ സന്തോഷത്തിൽ നൃത്തം ചെയ്യുന്ന ശക്തിശാലീ മഹാൻ ആത്മാവായി ഭവിക്കൂ.

സത്യം നൃത്തം ചെയ്ത് കൊണ്ടിരിക്കും എന്ന് ഒരു ചൊല്ലുണ്ട്. സത്യസന്ധൻ അർത്ഥം സത്യതയുടെ ശക്തിയുള്ളവൻ സദാ നൃത്തം ചെയ്തു കൊണ്ടിരിക്കും, ഒരിക്കലും വാടി പോകില്ല, കുടുങ്ങി പോകില്ല, ഭയപ്പെടില്ല, ദുർബലനാകില്ല. അവർ സദാ സന്തോഷത്തിൽ നൃത്തം ചെയ്ത് കൊണ്ടിരിക്കും. ശക്തിശാലിയായിരിക്കും. അവരിൽ നേരിടാനുള്ള ശക്തിയുണ്ടായിരിക്കും, സത്യത ഒരിക്കലും കുലുങ്ങില്ല, അചഞ്ചലമായിരിക്കും. സത്യതയുടെ തോണി ഉലയും എന്നാൽ മുങ്ങില്ല. അതിനാൽ സത്യതയുടെ ശക്തി ധാരണ ചെയ്യുന്ന ആത്മാവ് തന്നേയാണ് മഹാൻ.

## സ്ലോഗൻ - തിരക്കുള്ള മനസിനേയും ബുദ്ധിയേയും സെക്കന്റിൽ സ്റ്റോപ്പ് ചെയ്യുന്നത് തന്നേയാണ് ശ്രേഷ്ഠ അഭ്യാസം.